Draft #14 of File NHM/7748/UH(STATE M&E CONSULTANT)/2022/SPMSU Approved by State Mission Director on 08-Jan-2024 01:58 PM - Page 1

Urgent

JEEVAN BABU K. I.A.S

STATE MISSION DIRECTOR (NRHM)

GOVERNMENT OF KERALA

NHM STATE MISSION OFFICE

General Hospital Junction,

Thiruvananthapuram 695035,

Telefax: 91-471 2301181, 2302784,

email: smdnrhm@gmail.com,

Website: www.arogyakeralam.gov.in

No. NHM/7748/UH(STATE M&E CONSULTANT)/2022/SPMSU Dated: 08.01.2024

To

The Principal Secretary (Health & Family Welfare),
Government of Kerala

Sir,

Sub:- XV Finance Commission Health Sector Grants - Standard Operating Procedures for Urban Health & Wellness Centres in Kerala - Draft reg.

Ref:- 1. Minutes of state level committee chaired by the Chief Secretary dated 04.09.2023

Kerala is operationalising 380 urban health and wellness centres across 93 urban local bodies in the state through XV Finance Commission health sector grants. Vide the meeting minutes cited in reference above, it was directed that ownership and responsibility of the UHWCs has to be decided in between Health Department and LSGD for which orders to be issued at the appropriate level. Health Department/NHM is to give technical advice/assistance , LSGD to look after the day to day activities and NHM to undertake the recruitment activities. NHM was directed to prepare draft SOP accordingly and to submit the same to Government in Health Department. The Proposal has to be routed through LSGD to the Chief Secretary for orders on issuing necessary orders in this regard.

The draft SOP is submitted herewith for approval and onward communication to the Chief Secretary through PS (LSGD) for government orders.

Yours faithfully

Jeevan Babu K. I.A.S

State Mission Director

Approval Valid

Digitally Approved By

Jeevan Babu K. I.A.S

Date: 08.01.2024

Reason: Approved

Copy to

1. Principal Director, Local Self Government Department, Government of Kerala.

The document is digitally approved. Hence signature is not needed.

Draft #14 of File NHM/7748/UH(STATE M&E CONSULTANT)/2022/SPMSU Approved by State Mission Director on 08-Jan-2024 01:58 PM - Page 2

നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ

Urban Health and Wellness Centres

ആമുഖം

നമ്മുടെ സംസ്ഥാനം ആരോഗ്യ രംഗത്ത് നേരിടുന്ന വെല്ലുവിളികളെ മറികടക്കുവാനും പ്രാഥമികാരോഗ്യ മേഖലയെ ശാക്തീകരിച്ചു സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ ഉറപ്പാക്കുവാനും ആരോഗ്യ സേവനങ്ങൾ ജനങ്ങൾക്ക് താഴെതട്ടിൽ വരെ പ്രാപ്യമാക്കി ചികിത്സാ ചിലവുകൾ കുറയ്ക്കുവാനും ലക്ഷ്യമിട്ടാണ് ആർദ്രം മിഷൻ രൂപീകരിച്ചത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായും പരിവർത്തനം ചെയ്ത് ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിലൂടെ ആർദ്രം മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള പ്രയാണം മുന്നോട്ട് കുതിക്കുകയാണ്.

എന്നാൽ നഗര പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ സംവിധാനങ്ങൾ കൂടി ശാക്തീകരിച്ചാൽ മാത്രമേ ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ പൂർണ്ണ തോതിൽ കൈവരിക്കുവാനാകൂ. നഗര പ്രദേശങ്ങളിലെ ആരോഗ്യ സേവനങ്ങളിലെ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ (Urban Health and Wellness Centres) സ്ഥാപിക്കുന്നത്.

ലക്ഷ്യങ്ങൾ

- നഗര പ്രദേശങ്ങളിലെ ജനങ്ങൾക്ക് പ്രാഥമികാരോഗ്യ പരിരക്ഷ ഉറപ്പാക്കുക
- ആരോഗ്യ വർദ്ധകം, രോഗ പ്രതിരോധം, ചികിത്സ, പുനരധിവാസം, സാന്ത്വന പരിചരണം മുതലായ സേവനങ്ങൾ നഗര പ്രദേശങ്ങളിലെ ജനങ്ങൾക്ക് കൂടി പ്രാപ്യമാക്കുക.
- നഗര പ്രദേശങ്ങളിലെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളുടേയും നഗരസഭയുടേയും സഹകരണത്തോടെ നടപ്പിലാക്കുക.
- പകർച്ചവ്യാധികളുടേയും പകരച്ചേതരവ്യാധികളുടേയും നിരീക്ഷണം, പ്രതിരോധ പ്രവർത്തനങ്ങൾ, സ്ക്രീനിങ്, റിപ്പോർട്ടിംഗ് മുതലായ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക.
- നഗര പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിൽ പകർച്ചവ്യാധികൾ, പകർച്ചേതരവ്യാധികൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ, ലഹരി ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ എന്നിവയെ കുറിച്ച് ബോധവൽക്കരണം നടത്തുക.
- ദ്രുതഗതിയിലുള്ള നഗരവൽക്കരണം, വർദ്ധിച്ച ജനസാന്ദ്രത, പകർച്ചവ്യാധികൾ, പകർച്ചേതരവ്യാധികൾ എന്നിവ മൂലം നഗര പ്രദേശങ്ങളിലെ ജനങ്ങൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങളെ ജനപങ്കാളിത്തത്തോടെ അഭിസംബോധന ചെയ്യുക,
- നഗരപ്രദേശങ്ങളിൽ വസിക്കുന്ന പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക.

DRAFT

- നഗര പ്രദേശങ്ങളിലെ ജനങ്ങൾക്ക്, വിശിഷ്യാ നിർദ്ധനർക്ക്, ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ പൂർണ്ണമായും സൗജന്യമായി നൽകുക.

പ്രവർത്തന സമയം

- നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ആഴ്ചയിൽ ആറു ദിവസവും ഉച്ചയ്ക്ക് രണ്ടു മണി മുതൽ വൈകീട്ട് എട്ട് മണി വരെ സേവനങ്ങൾ നൽകേണ്ടതാണ്.
- ഞായറാഴ്ചകളിലും, ദേശീയ ആരോഗ്യ ദൗത്യം ജീവനക്കാർക്ക് ബാധകമായ പൊതുഅവധി ദിവസങ്ങളിലും സ്ഥാപനത്തിന് അവധിയായിരിക്കുന്നതാണ്.

ഭൗതിക സാഹചര്യങ്ങൾ

- നിലവിൽ പ്രവർത്തിക്കുന്ന നഗര കുടുംബാരോഗ്യ കേന്ദ്രത്തിന്റേയോ മറ്റ് സർക്കാർ ആശുപത്രികളുടെയോ ഉള്ളിൽ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കാൻ പാടില്ല.
- ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന ജനസൗഹൃദ നിലവാരത്തിലാകണം നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടേയും നിർമ്മാണം/സജ്ജീകരണം. ഇതിനായി ദേശീയ ആരോഗ്യ ദൗത്യം കൺസൾട്ടന്റ് എഞ്ചിനീയറുടെ അഭിപ്രായം തേടാവുന്നതാണ്.
- കേന്ദ്രത്തിന് കുറഞ്ഞത് 2000 ചതുരശ്ര അടി പ്ലിന്ത് ഏരിയയെങ്കിലും ഉണ്ടാകുന്നതാണ് അഭികാമ്യം.
- നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിനു ബോർഡ്, സിറ്റിസൺ ചാർട്ടർ, നിർബന്ധമായും ഉണ്ടാകേണ്ട മറ്റ് സൈനേജ് ബോർഡുകൾ എന്നിവ മലയാളത്തിലും ഇംഗ്ലീഷിലും ആവശ്യമെങ്കിൽ ഹിന്ദിയിലും മറ്റ് പ്രാദേശിക ഭാഷകളിലും ഉണ്ടാകേണ്ടതാണ്.
- ഭിന്നശേഷി-വയോജന സൗഹൃദമായ ആശുപത്രി സേവനങ്ങൾ, രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള കാത്തിരിപ്പ് സ്ഥലം, പ്രീചെക്ക് റൂം, ഒ.പി രജിസ്ട്രേഷൻ കൌണ്ടർ, പരിശോധനാ മുറി, നിരീക്ഷണ മുറി, നഴ്സിംഗ് സ്റ്റേഷൻ, സാമ്പിൾ ശേഖരണത്തിനുള്ള സൗകര്യങ്ങൾ, ORT കോർണർ, നെബുലൈസേഷൻ കോർണർ, ഡ്രെസ്സിംഗ് മുറി, മുലയൂട്ടുന്നതിനുള്ള ക്യാബിനോട് കൂടിയ പ്രതിരോധ കുത്തിവയ്പ്പ് മുറി, ഫാർമസിയും സ്റ്റോറും, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ശുചിമുറികൾ, ഭിന്നശേഷി-വയോജന സൗഹൃദമായ ശുചിമുറികൾ, ഐ.യു.ഡി മുറി, ഓഫീസ് മുറി, വെൽനെസ്സ് മുറി, ആംബുലൻസ് ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ എത്താനുള്ള സൗകര്യം എന്നിവ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഉണ്ടാകണം.
- അണുബാധാ നിയന്ത്രണ ചട്ടങ്ങൾ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കും ബാധകമാണ്.
- ഫയർ സേഫ്റ്റി, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി എന്നിങ്ങനെ അശുപത്രികൾക്ക് വേണ്ട എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്.
- ഇൻവെർട്ടർ/ജനറേറ്റർ സംവിധാനം വഴി മൂന്ന് മണിക്കൂറിൽ കുറയാത്ത വൈദ്യുതി ബാക്കപ്പ് സംവിധാനവും, തടസ്സമില്ലാത്ത ജല ലഭ്യതയും ഒരുക്കേണ്ടതാണ്.

- കായകൽപ്, NQAS എന്നീ ദേശീയ ഗുണമേന്മ നിലവാര മാനദണ്ഡങ്ങൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതും അംഗീകാരം നേടാനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

സ്വന്തമായി കെട്ടിടം ഇല്ലാത്ത കേന്ദ്രങ്ങൾക്കുള്ള നിർദേശങ്ങൾ

- സ്വന്തമായി കെട്ടിടമില്ലാത്ത നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം വാടകയ്ക്ക് എടുക്കാവുന്നതാണ്.
- വാടകയ്ക്ക് എടുക്കുന്ന കെട്ടിടങ്ങൾ പൊതുജനങ്ങൾക്ക് എത്തിച്ചേരാൻ സാധിക്കുന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നതെന്നും, നിർദ്ദേശിച്ചിട്ടുള്ള എല്ലാ സേവനങ്ങളും നൽകാൻ മതിയായ സൗകര്യം ഉണ്ടെന്നും കെട്ടിടത്തിനു ആവശ്യത്തിനു ഉറപ്പുണ്ടെന്നും ബന്ധപ്പെട്ട നഗരസഭ ഉറപ്പാക്കേണ്ടതാണ്.
- കെട്ടിടത്തിന്റെ വാടക സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് നിർണ്ണയിച്ച വാടകയ്ക്കും അറ്റകുറ്റപണികൾക്കുമായി പ്രതിമാസം പരമാവധി 40,000/- രൂപ വരെ അനുവദനീയമാണ്. ഇപ്രകാരം കെട്ടിടം വാടകയ്ക്ക് എടുക്കുമ്പോൾ കരാർ കാലാവധി മൂന്ന് വർഷത്തിൽ കുറയാൻ പാടില്ല.
- കേന്ദ്രത്തിന് ആവശ്യമായ തരത്തിൽ പാർട്ടീഷ്യൻ ചെയ്യുന്നതും പെയിന്റിംഗ്, ബ്രാൻഡിംഗ്, രൂപമാറ്റം വരുത്തുന്നതടക്കമുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള പ്രവർത്തികൾ നഗരസഭ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച വ്യക്തമായ നിബന്ധന വാടക കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

- സ്വന്തമായി കെട്ടിടമുള്ള കേന്ദ്രങ്ങളോ വാടകയിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി പ്രതിമാസം 40,000/- രൂപയിൽ കുറവ് ചിലവാകുന്ന കേന്ദ്രങ്ങളോ ഉള്ള നഗരസഭകൾക്ക് ഈയിനത്തിൽ മിച്ചം വരുന്ന തുക നഗരസഭാ സമിതിയുടെ തീരുമാനത്തിന് വിധേയമായി കേന്ദ്രങ്ങളുടെ മറ്റ് പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

ബ്രാൻഡിംഗ്

- ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ അതേ നിറം തന്നെ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കും അവലംബിക്കാവുന്നതാണ്.
- ബ്രാൻഡിംഗ് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.
- കെട്ടിടത്തിനുള്ളിൽ ഇംഗ്ലീഷിലും മലയാളത്തിലും ആവശ്യമെങ്കിൽ മറ്റ് പ്രാദേശിക ഭാഷകളിലും സൈനേജുകൾ ഉണ്ടാകണം.

- കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ ദിവസവും സമയവുമുൾപ്പെടെ രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.

- തൊട്ടടുത്തുള്ള പൊതുസ്ഥലങ്ങളിൽ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ദിശാ സൂചകങ്ങളും ഹോർഡിംഗുകളും സ്ഥാപിക്കേണ്ടതാണ്.

DRAFT

ജീവനക്കാർ

- നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മെഡിക്കൽ ഓഫീസർ, 2 സ്റ്റാഫ് നേഴ്സ്, ഒരു ഫാർമസിസ്റ്റ്, എന്നിങ്ങനെ നാല് ജീവനക്കാരാണ് ഉണ്ടാവേണ്ടത്.
- ഇത് കൂടാതെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം അക്കൌണ്ടൻറ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരെ ഒരു യു.പി.എച്ച്.സി യിൽ ഒന്ന് എന്ന കണക്കിൽ നിയമിച്ച് ബന്ധപ്പെട്ട മൂന്ന് നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ചുമതല കൂടി നൽകുന്നതായിരിക്കും. ഇവരുടെ ഭരണപരമായ മേൽനോട്ടം ബന്ധപ്പെട്ട യു.പി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.
- യു.പി.എച്ച്.സി ഇല്ലാത്ത ഓരോ നഗരസഭയിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനായി ഭരണസമിതിയുടെ തീരുമാനപ്രകാരം ഏതെങ്കിലും ഒരു നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ഓഫീസ് സംവിധാനം ആരംഭിക്കാവുന്നതാണ്. ഇവിടെ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം അക്കൌണ്ടൻറ്, ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരെ വീതം നിയമിക്കേണ്ടതാണ്. ഇവർ ആ പ്രദേശത്തെ എല്ലാ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.
- ഭരണപരമായ മേൽനോട്ടം ആശുപത്രി മാനേജ്മന്റ് കമ്മിറ്റി മെമ്പർ സെക്രട്ടറിയ്ക്ക് ആയിരിക്കും.
- ജീവനക്കാരുടെ നിയമനം ആരോഗ്യകേരളം ദേശീയ ആരോഗ്യ ദൗത്യം ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റികളുടെ ഉത്തരവാദിത്തമാണ്. നിയമനപ്രക്രിയ കാലാകാലങ്ങളിലുള്ള ദേശീയ ആരോഗ്യ ദൗത്യം മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ പൂർത്തീകരിക്കേണ്ടതാണ്.
- കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് ആവശ്യമായ ജീവനക്കാരുടെ ലഭ്യത ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഉറപ്പാക്കേണ്ടതാണ്.
- നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങൾ പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് കുടുംബശ്രീക്ക് ഔട്ട്സോഴ്സ് ചെയ്യാവുന്നതാണ്.

ചുമതലകളും ഉത്തരവാദിത്തങ്ങളും

- **പൊതുവായ ചുമതലകൾ**
  - നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിലെ മുഴുവൻ ജീവനക്കാരും അതാത് പ്രദേശത്തെ എല്ലാ പൊതുജനാരോഗ്യ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുവാനായി ഒരു ടീം ആയി ഒരുമിച്ച് പ്രവർത്തിക്കേണ്ടതാണ്.
  - ആരോഗ്യ വകുപ്പിൽ നിന്നും ബന്ധപ്പെട്ട നഗരസഭയുടെ അധികാരികളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കുക.
  - അടിയന്തിര സാഹചര്യങ്ങളിൽ സർക്കാർ നിർദ്ദേശപ്രകാരം മറ്റ് ചുമതലകൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
- **മെഡിക്കൽ ഓഫീസർ**
  - പ്രവർത്തന സമയം: ഉച്ചയ്ക്ക് രണ്ട് മണി മുതൽ വൈകീട്ട് എട്ട് മണി വരെ
  - സ്ഥാപനത്തിന്റെ പൂർണ്ണചുമതല

- ഒപിയിൽ വരുന്ന രോഗികൾക്ക് വേണ്ട പരിശോധനയും ചികിത്സയും മാർഗ്ഗനിർദ്ദേശങ്ങളും പ്രോട്ടോക്കോൾ പ്രകാരം നൽകുക.
- സ്ഥാപന തലത്തിലെ വെൽനെസ്സ് പ്രവർത്തനങ്ങളുടെ മേൽനോട്ടം
- ടെലിമെഡിസിൻ സേവനങ്ങൾ
- സ്ഥാപനത്തിലെ മറ്റ് ജീവനക്കാരുടെ സൂപ്പർവിഷൻ.
- ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റിയുമായി ചേർന്ന് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എകോപിപ്പിക്കൽ.
- സ്ഥാപനത്തിന് അനുവദിക്കപ്പെട്ട ഫണ്ടുകൾ നിയമാനുസൃതം മാനേജ്മെൻറ് കമ്മിറ്റിയുടെ അനുമതിയോടെ വിനിയോഗിക്കുക.
- ഫണ്ട് വിനിയോഗം സംബന്ധിച്ച രേഖകൾ ആശുപത്രി മാനേജ്മെൻറ് കമ്മിറ്റിക്ക് കൈമാറുക.
- പ്രതിമാസ റിപ്പോർട്ടുകൾ കൃതമായി തയ്യാറാക്കി മേലധികാരികൾക്ക് സമർപ്പിക്കുക.
- എല്ലാ മാസവും ആദ്യത്തെ പ്രവർത്തി ദിവസം സ്ഥാപന തല അവലോകന യോഗം വിളിച്ചു ചേർത്ത് കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ആ മാസം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ആരോഗ്യ വകുപ്പോ വിളിച്ചു ചേർക്കുന്ന യോഗങ്ങളിൽ പങ്കെടുക്കുക.

- **സ്റ്റാഫ് നേഴ്സ്**
  - പ്രവർത്തന സമയം: ഉച്ചയ്ക്ക് രണ്ട് മണി മുതൽ വൈകീട്ട് എട്ട് മണി വരെ
  - രോഗീ പരിചരണത്തിന് പുറമേ അണുബാധാ നിയന്ത്രണ പ്രവർത്തനങ്ങളും ടെലിമെഡിസിൻ സേവനങ്ങളും ഡോക്ടറുടെ മേൽ നോട്ടത്തിൽ സ്റ്റാഫ് നേഴ്സ് ചെയ്യേണ്ടതാണ്.
  - ടെലിമെഡിസിൻ സേവനങ്ങൾ
  - രോഗ നിർണ്ണയത്തിനു വേണ്ടിയുള്ള സാമ്പിളുകൾ ശേഖരിച്ച് ബന്ധപ്പെട്ട ഹബ്ബ് ലാബിൽ അയയ്ക്കേണ്ടതാണ്.
  - കേന്ദ്രത്തിലെ ഖര, ദ്രവ, ബയോമെഡിക്കൽ മാലിന്യങ്ങളുടെ ശാസ്ത്രീയമായ പരിപാലനം ഉറപ്പ് വരുത്തുക.
  - കേന്ദ്രത്തിലൂടെ നൽകുന്ന സേവനങ്ങളുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ തയ്യാറാക്കി മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കുക.
  - കേന്ദ്രത്തിൽ നടക്കുന്ന വെൽനെസ്സ് പ്രവർത്തനങ്ങളുടെ ഏകോപനം
  - ശുചീകരണ പ്രവർത്തനങ്ങളുടെ മേൽനോട്ടം.
  - മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം കേന്ദ്രത്തിലെ മറ്റ് പ്രവർത്തനങ്ങൾ

- **ഫാർമസിസ്റ്റ്**
  - പ്രവർത്തന സമയം: ഉച്ചയ്ക്ക് രണ്ട് മണി മുതൽ വൈകീട്ട് എട്ട് മണി വരെ

- ○ മരുന്നു വിതരണവും, സ്ഥാപനത്തിന്റെ സ്റ്റോർ കൈകാര്യം ചെയ്യലും
- ○ സ്ഥാപനവുമായി ബന്ധപ്പെട്ട മുഴുവൻ സ്റ്റോക്കുകളുടേയും ചുമതല
- ○ ഡി.ഡി.എം.എസ് പോർട്ടലിൽ മരുന്നുകളുടെ ഇൻഡെന്റും ദൈനംദിന വിനിയോഗവും രേഖപ്പെടുത്തുക.
- ○ മറ്റ് അനുബന്ധ രജിസ്റ്ററുകളുടെ ചുമതല
- ○ ഫാർമസിയുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ റിപ്പോർട്ടിങ്
- ○ കാലഹരണപ്പെട്ട ഉപകരണങ്ങൾ, ഫർണീച്ചർ, മുതലായ വസ്തുക്കളുടെ വിവരങ്ങൾ കണ്ടംനേഷൻ നടപടികൾക്കായി മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കുക.
- ○ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം കേന്ദ്രത്തിലെ മറ്റ് പ്രവർത്തനങ്ങൾ

- **ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം അക്കൗണ്ടൻറ്**
  - ○ പ്രവർത്തന സമയം: രാവിലെ 10 മണി മുതൽ വൈകീട്ട് അഞ്ച് മണി വരെ
  - ○ യു.പി.എച്ച്.സി യുടേയും അതിന്റെ പരിധിയിൽ വരുന്ന നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടേയും ക്ലെറിക്കൽ ജോലികൾ
  - ○ മാനേജ്മെൻറ് കമ്മിറ്റികളുടെ കണക്കുകളും യോഗങ്ങളുടെ മിനിറ്റ്സും രേഖപ്പെടുത്തി സൂക്ഷിക്കുക
  - ○ യു.പി.എച്ച്.സി യുടേയും അതിന്റെ പരിധിയിൽ വരുന്ന നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടേയും വരവ് ചിലവ് കണക്കുകളുമായി ബന്ധപ്പെട്ട രേഖകൾ, വൌച്ചറുകൾ, കാഷ് ബുക്ക്, മിനിറ്റ്സ് ബുക്ക് തുടങ്ങിയവയുടെ സൂക്ഷിപ്പ്,
  - ○ അക്കൗണ്ടിംഗ് സംബന്ധമായ മറ്റ് ജോലികൾ
  - ○ കേന്ദ്രത്തിലെ മറ്റ് പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം ഏകോപിപ്പിക്കുക.
  - ○ റിപ്പോർട്ടിങ്

- **ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ**
  - ○ പ്രവർത്തന സമയം: രാവിലെ 10 മണി മുതൽ വൈകീട്ട് അഞ്ച് മണി വരെ
  - ○ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ചുമതലയുള്ള പ്രദേശത്ത് സന്ദർശനം നടത്തി പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടത്തണം. ഉച്ചയ്ക്ക് രണ്ട് മണി മുതൽ അഞ്ച് മണി വരെ കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.
  - ○ ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് അനുവദിച്ചിട്ടില്ലാത്ത നഗര കുടുംബാരോഗ്യ കേന്ദ്ര പരിധിയിലെ വാർഡുകൾ ഏറ്റെടുത്ത് പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഏതെല്ലാം വാർഡുകളാണ് ഏറ്റെടുക്കേണ്ടതെന്ന് ജില്ലാ ആരോഗ്യ വകുപ്പിന്റെ നിർദ്ദേശാനുസരണം മെഡിക്കൽ ഓഫീസർ തീരുമാനിച്ചു നൽകേണ്ടതാണ്.
  - ○ നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിലെ ടീം അംഗം എന്ന നിലയിൽ ആശാ പ്രവർത്തകർ, അംഗൻവാടി വർക്കേഴ്സ്, ആരോഗ്യസേനാ അംഗങ്ങൾ,

DRAFT

സമൂഹത്തിലെ മറ്റ് ഉത്തരവാദിത്തപ്പെട്ട വ്യക്തികൾ എന്നിവരെ ഏകോപിപ്പിച്ച് കേന്ദ്രത്തിന്റെ പരിധിയിലുള്ള വാർഡുകളിലെ പകർച്ച, പകർച്ചേതര വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ നിർവഹിക്കേണ്ടതാണ്.

- കേന്ദ്രത്തിന്റെ പരിധിയിലുള്ള പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും ഏകോപനം ഉറപ്പാക്കുക.
- യു.പി.എച്ച്.സി യിലെ ഫീൽഡ് ജീവനക്കാരുമായി ചേർന്ന് ചുമതലയുള്ള വാർഡുകളിലേയും പ്രദേശത്തേയും ആരോഗ്യ വർദ്ധക, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിലോ പ്രദേശത്ത് ജനങ്ങൾക്ക് എത്തിച്ചേരാൻ സൌകര്യവുമുള്ള സ്ഥലങ്ങളിലോ വെച്ച് നടത്തുക.
- ജീവിതശൈലി രോഗ നിയന്ത്രണ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.
- പകർച്ചവ്യാധി നിയന്ത്രണ മുന്നൊരുക്ക പ്രവർത്തനങ്ങൾ അതാത് വാർഡുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കേണ്ടതാണ്.
- പകർച്ചവ്യാധികൾ കണ്ടെത്തിയാൽ മെഡിക്കൽ ഓഫീസറെ വിവരമറിയിക്കുകയും റിപ്പോർട്ട് ചെയ്യുകയും സ്ഥലം സന്ദർശിച്ച് തുടർപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്.
- പകർച്ച/പകർച്ചേതര വ്യാധികളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട എല്ലാ ദേശീയ ആരോഗ്യ പരിപാടികളും അതാത് വാർഡുകളിൽ സംഘടിപ്പിക്കേണ്ടതാണ്.
- പ്രവർത്തനവുമായി ബന്ധപ്പെട്ട വിവരങ്ങൾ മെഡിക്കൽ ഓഫീസർക്കും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നൽകുന്നതോടൊപ്പം അവ ദേശീയ, സംസ്ഥാന തല പോർട്ടലുകളിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.
- പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട ഉറവിട നശീകരണം, വെക്ടർ സ്റ്റഡി, ഫോഗ്ഗിങ്, ക്ലോറിനേഷൻ, ഡോക്സിസൈക്ലിൻ വിതരണം മുതലായ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി റിപ്പോർട്ടുകൾ മെഡിക്കൽ ഓഫീസർക്ക് നൽകണം.
- അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലത്ത് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.
- ഉൽസവങ്ങളും മേളകളും മറ്റും നടക്കുന്ന സ്ഥലങ്ങളിൽ പകർച്ചവ്യാധി നിയന്ത്രണ പ്രർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.
- IEC/BCC പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

സേവനങ്ങൾ

- ജനറൽ ഒ.പി
- പ്രഥമ ശുശ്രൂഷ
- Minor procedures - Suturing, I&D etc.
- ദേശീയ, സംസ്ഥാന, ജില്ലാ, നഗരസഭാ തലത്തിലുള്ള പദ്ധതികളുടെ നടത്തിപ്പ്

- പകർച്ച വ്യാധികളുടേയും പകർച്ചേതര വ്യാധികളുടേയും സ്ക്രീനിങ് (ക്യാൻസർ സ്ക്രീനിങ്, ശ്വാസ് സ്ക്രീനിങ്, ആശ്വാസം സ്ക്രീനിങ് മുതലായവ)
- സാന്ത്വന പരിചരണ സേവനങ്ങൾ ലഭ്യമാക്കുക.
- നഗര കുടുംബാരോഗ്യകേന്ദ്രവുമായി ചേർന്ന് പ്രതിരോധ കുത്തിവയ്പ്പ്, ആരോഗ്യ വിദ്യാഭ്യാസം, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുക.
- ടെലിമെഡിസിൻ സേവനങ്ങൾ ഇസഞ്ജീവനി മുഖേന ലഭ്യമാക്കേണ്ടതാണ്.
- ക്ഷയരോഗ ചികിത്സയ്ക്കുള്ള ഡോട്ട്സ് സെന്ററായി പ്രവർത്തിക്കുക
- രോഗ നിർണ്ണയത്തിനുള്ള സാമ്പിളുകൾ (രക്തം, കഫം മുതലായവ) ശേഖരിച്ചു ഹബ്ബ് ലാബുകളിൽ എത്തിച്ചു പരിശോധന നടത്തി പരിശോധനാ ഫലം രോഗികൾക്ക് ലഭ്യമാക്കുക.
- കുടുംബാസൂത്രണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണവും അവയുടെ വിതരണവും
- യോഗ ക്ലാസുകൾ, വെൽനസ് ക്ലാസുകൾ, ആരോഗ്യസംബന്ധമായ വീഡിയോകളുടെ പ്രദർശനം, മറ്റു IEC പ്രവർത്തനങ്ങൾ എന്നിവ വെൽനെസ്സ് മുറിയിൽ നടത്തേണ്ടതാണ്. വെൽനസ് പ്രവർത്തനങ്ങളിൽ പരിശീലനം ലഭിച്ച ജീവനക്കാർ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.
- കേന്ദ്രം പ്രവർത്തിക്കുന്ന പ്രദേശത്തെ നഗര കുടുംബാരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട് കൊണ്ട് ഫീൽഡ് തല പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.
- മെഡിക്കോലീഗൽ സേവനങ്ങൾ
- റഫറൽ സേവനം
- മെഡിക്കൽ സർട്ടിഫിക്കറ്റ്

വെൽനെസ്സ് പ്രവർത്തനങ്ങൾ

- വെൽനെസ്സ് പ്രവർത്തനങ്ങൾ രാവിലെ ഒമ്പത് മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയാണ് നടത്തേണ്ടത്.
- വ്യായാമ മുറകളുടെ പരിശീലനം
- യോഗാ പരിശീലനം, യോഗാ ക്യാമ്പുകൾ
- മറ്റ് കായിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- ആരോഗ്യകരമായ ഭക്ഷണരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- മാനസിക സമ്മർദ്ദം ലഘൂകരിക്കുവാനുള്ള പരിശീലനങ്ങൾ
- ലഹരി വർജ്ജന പ്രവർത്തനങ്ങൾ
- വെൽനെസ്സ് കൗൺസിലിങ്
- ഗ്രൂപ്പ് കൗൺസിലിങ്
- ഹെൽത്ത് മേളകൾ
- ആരോഗ്യവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ

മേൽപ്പറഞ്ഞ വെൽനെസ്സ് പ്രവർത്തനങ്ങൾ വാർഷിക ആരോഗ്യ കലണ്ടർ തയ്യാറാക്കി അത് പ്രകാരം എല്ലാ മാസവും നടത്തേണ്ടതാണ്.

DRAFT

മരുന്നുകൾ, ലാബ് പരിശോധനകൾ, ഉപകരണങ്ങൾ

യു.പി.എച്ച്.സികളിൽ ലഭ്യമാക്കേണ്ട എല്ലാ മരുന്നുകളും ഉപകരണങ്ങളും നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ഉറപ്പാക്കേണ്ടതാണ്. മരുന്നുകളുടെ സ്റ്റോക്ക് DDMS സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കൃത്യമായി രേഖപ്പെടുത്തുകയും നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്. അധികമായി മരുന്നുകൾ ആവശ്യമായി വന്നാൽ അത് നഗരസഭയുടെ വാർഷിക പദ്ധതികൾ വഴി വാങ്ങാവുന്നതാണ്.

നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സംവിധാനം ലഭ്യമല്ലെങ്കിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെന്ന പോലെ 14 ലാബ് പരിശോധനകൾ (അനുബന്ധം 1) ഉറപ്പാക്കേണ്ടതാണ്. ലാബ് പരിശോധനകൾ നടത്തേണ്ടത് സ്റ്റാഫ് നേഴ്സിന്റെ ചുമതലയാണ്. ഇതിന് പുറമേയുള്ള മറ്റ് പരിശോധനകളുടെ സാമ്പിളുകൾ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ശേഖരിച്ച ശേഷം തൊട്ടടുത്ത നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എത്തിച്ച് പരിശോധിക്കുവാനുള്ള സംവിധാനവും ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ഒരുക്കേണ്ടതാണ്.

വേസ്റ്റ് മാനേജ്മെൻറ്

- സ്ഥാപനത്തിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരം തിരിച്ച് നിലവിലെ മാലിന്യ നിർമ്മാർജ്ജന ചട്ടങ്ങൾക്കനുസരിച്ച് പരിപാലനം ചെയ്യേണ്ടതാണ്.
- ബയോമെഡിക്കൽ മാലിന്യങ്ങൾ IMAGE, KIEL എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പരിപാലനം ചെയ്യേണ്ടതാണ്.
- പേപ്പർ, മറ്റ് ഖര മാലിന്യങ്ങൾ എന്നിവ ഹരിതകർമ്മ സേന മുഖാന്തിരം പരിപാലനം ചെയ്യേണ്ടതാണ്.
- ബയോമെഡിക്കൽ മാലിന്യങ്ങൾ ഒഴികെയുള്ള മറ്റ് ഖര, ദ്രവ മാലിന്യങ്ങളുടെ പരിപാലനം ഉറപ്പാക്കേണ്ടത് മെഡിക്കൽ ഓഫിസറുടെ ഉത്തരവാദിത്തമാണ്.

പരിശീലനങ്ങൾ

- ജീവനക്കാർക്ക് ആവശ്യമായ എല്ലാ പരിശീലനങ്ങളും കൃത്യമായി നൽകുവാനുള്ള ചുമതല ജില്ലയിലെ ആരോഗ്യ വകുപ്പിന്റെ പരിശീലനങ്ങൾ ഏകോപിപ്പിക്കുന്ന ഉദ്യോഗസ്ഥനായിരിക്കും.
- ആവശ്യമായ പരിശീലന മോഡ്യൂളുകൾ ദേശീയ ആരോഗ്യ ദൌത്യം തയ്യാറാക്കി നേരിട്ടോ ഓൺലൈൻ സംവിധാനത്തിലൂടേയോ ലഭ്യമാക്കേണ്ടതാണ്.
- ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സംഘടിപ്പിക്കുന്ന പരിശീലനങ്ങളിൽ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം ഉറപ്പാക്കേണ്ടതാണ്.

പർച്ചേസ്

- നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് നൽകുന്ന ഫണ്ടുകൾ മാർഗ്ഗനിർദ്ദേശപ്രകാരം ബന്ധപ്പെട്ട ആശുപത്രി മാനേജ്മന്റ് കമ്മിറ്റി മെമ്പർ സെക്രട്ടറി മുഖേന ചിലവാക്കാവുന്നതാണ്. ഇതിനായുള്ള പ്രവർത്തനങ്ങൾ എകോപിപ്പിക്കേണ്ടത് ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം അക്കൌണ്ടൻറിന്റെ ചുമതലയാണ്.

DRAFT

- സ്ഥാപനത്തിലേക്ക് ആവശ്യമായ ഉപകരണങ്ങളോ മറ്റോ നേരിട്ട് വങ്ങേണ്ടി വന്നാൽ സ്റ്റോർ പർച്ചേസ് റൂൾസ് അനുസരിച്ച് മാനേജ്മെൻറ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി വാങ്ങാവുന്നതാണ്. ഇതിനായി ആശുപത്രി മാനേജ്മന്റ് കമ്മിറ്റി മെമ്പർ സെക്രട്ടറി അദ്ധ്യക്ഷനായും ബന്ധപ്പെട്ട ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫിസർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം അക്കൗണ്ടൻറ് എന്നിവർ അംഗങ്ങളായും ഒരു പർച്ചേസ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

- നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലുള്ള മുഴുവൻ ഉപകരണങ്ങളും ബയോമെഡിക്കൽ ഇക്വിപ്മെന്റ് മൈന്റെനൻസ് പ്രോഗ്രാമിൽ (BEMP) ഉൾപ്പെടുത്തേണ്ടതാണ്.

അഡ്മിനിസ്ട്രേഷൻ

- നഗര ജനകീയ ആരോഗ്യ കേന്ദ്രം പ്രവർത്തനം ആരംഭിച്ചാലുടൻ തന്നെ നിലവിലെ സർക്കാർ നിയമങ്ങൾക്കും ഓഫീസ് നടപടി ക്രമങ്ങൾക്കും വിധേയമായി തപാൽ, ഫയൽ സംവിധാനം എന്നിവ ഒരുക്കേണ്ടതാണ്. ഇത് മെഡിക്കൽ ഓഫീസറുടേയും ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം അക്കൌണ്ടന്റിന്റെ ഉത്തരവാദിത്തമാണ്. ഒരു സർക്കാർ ഓഫീസിൽ ഫയൽ നീക്കവുമായി ബന്ധപ്പെട്ട വേണ്ട എല്ലാ രജിസ്റ്ററുകളും നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും കൃത്യമായി പരിപാലിക്കേണ്ടതാണ്.
- സമർപ്പണങ്ങളുടെയും അപേക്ഷകളുടെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം അക്കൌണ്ടൻറ് ഫയൽ ആരംഭിക്കുകയും മെഡിക്കൽ ഓഫീസറുടെ നിർദ്ദേശങ്ങൾക്കായി സമർപ്പിക്കാവുന്നതുമാണ്.
- കൂടുതൽ അംഗീകാരങ്ങൾ ആവശ്യമായ ഫയലുകൾ നഗരസഭയ്ക്കോ ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർക്കോ ആവശ്യാനുസരണം സമർപ്പിക്കാവുന്നതാണ്.

മാനേജ്മെൻറ് കമ്മിറ്റി

- നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ ശരിയായ പരിപാലനം, വികസനം, സേവനങ്ങൾ പ്രദാനം ചെയ്യൽ, ധനവിനിയോഗം എന്നീ കാര്യങ്ങൾ നോക്കി നടത്തേണ്ടത് ബന്ധപ്പെട്ട യു.പി.എച്ച്.സിയുടെ ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റിയുടെ ചുമതലയാണ്. ഇതിനായി യു.പി.എച്ച്.സിയുടെ ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റിയിൽ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാരെ അംഗങ്ങളാക്കി കമ്മിറ്റി വികസിപ്പിക്കേണ്ടതാണ്.
- യു.പി.എച്ച്.സി ഇല്ലാത്ത നഗരസഭകളിൽ എല്ലാ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കും പൊതുവായി ഒരു ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഇത്തരത്തിൽ രൂപീകരിക്കുന്ന കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറിയായി ഏതെങ്കിലും ഒരു നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ മെഡിക്കൽ ഓഫീസറെ നഗരസഭാ ഭരണസമിതിക്ക് നിശ്ചയിക്കാവുന്നതാണ്.

DRAFT

ഫണ്ട് വിനിയോഗം

- നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ച് ഒരു മാസത്തിനകം ബന്ധപ്പെട്ട ആശുപത്രി മാനേജ്മെൻറ് കമ്മിറ്റി യോഗം ചേരേണ്ടതാണ്. ആദ്യത്തെ യോഗത്തിൽ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രതിമാസ ചിലവുകളുടെ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി അനുമതി വാങ്ങേണ്ടതാണ്.
- നഗരസഭകൾ പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഹെൽത്ത് ഗ്രാന്റ് വഴി ലഭിക്കുന്ന തുക യു.പി.എച്ച്.സിയുടേയും ബന്ധപ്പെട്ട ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടേയും പ്രവർത്തനത്തിന് മുൻകൂറായി നൽകേണ്ടതാണ്. ഇതിനുള്ള അനുമതി സ.ഉ.(സാ.ധാ)നം. 3157/2022/ത.സ്വ.ഭ.വ തീയതി 21/12/2022 ഉത്തരവിലൂടെ നൽകിയിട്ടുള്ളതാണ്.
- ലഭ്യമായ ഫണ്ട് യു.പി.എച്ച്.സിയിലെ മെഡിക്കൽ ഓഫിസർ ആക്ഷൻ പ്ലാൻ പ്രകാരം വിനിയോഗിക്കേണ്ടതാണ്. ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം അക്കൌണ്ടൻറും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും ഇതിനായുള്ള പ്രവർത്തനങ്ങൾ എകോപിപ്പിക്കേണ്ടതാണ്.
- എല്ലാ മാസത്തെയും വരവ് ചെലവ് കണക്കുകൾ ഉൾപ്പെടെയുള്ള ഫണ്ട് വിനിയോഗ സർട്ടിഫിക്കറ്റ് ആശുപത്രി മാനേജ്മന്റ് കമ്മിറ്റി മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട നഗരസഭ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.
- ഫണ്ട് വിനിയോഗം എല്ലാ തരത്തിലുമുള്ള ഓഡിറ്റുകൾക്കും വിധേയമായിരിക്കും. ഇതിലേക്കാവശ്യമായ റിപ്പോർട്ടുകളും ചിലവ് സ്റ്റേറ്റ്മെന്റുകളും വൌചറുകളും ബുക്ക്സ് ഓഫ് അക്കൗണ്ട്സും തയ്യാറാക്കി വയ്ക്കേണ്ടത് ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം അക്കൗണ്ടൻറ്റിന്റെ ചുമതലയാണ്. ഇവ കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഡോക്യുമെന്റേഷൻ

- നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ താഴെ പറയുന്ന രജിസ്റ്ററുകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുവെന്ന് മെഡിക്കൽ ഓഫീസർ ഉറപ്പാക്കേണ്ടതാണ്.

Sl No	Register	Responsible Officer
1	OP register	Staff Nurse
2	Consultation register	Medical Officer
3	Precheck Register	Staff Nurse
4	Dressing Register	Staff Nurse
5	Injection Register	Staff Nurse
6	Minor Procedure Register	Staff Nurse
7	Observation Register	Staff Nurse
8	Referral Register	Staff Nurse
9	Drug dispensing Register	Pharmacist
10	Stock Register	Pharmacist
11	Sub stock Register	Pharmacist, Staff Nurse
12	Habit Forming Drug Register	Pharmacist

DRAFT

Sl No	Register	Responsible Officer
13	Attendance Register	Medical Officer
14	NCD Register	Staff Nurse
15	Visitors Register	Data entry operator cum Accountant
16	ANC Register	Staff Nurse
17	Register for National Programmes	Staff Nurse
18	Biomedical Waste Management Register	Staff Nurse
19	HMC Register	Data entry operator cum Accountant
20	Cash Books	Data entry operator cum Accountant
21	Training Register	Staff Nurse
22	Infection Control Register	Staff Nurse
23	Registers related to NQAS, Kayakalp	Staff Nurse
24	Condemnation Register	Pharmacist
25	Grievance Redressal	Medical Officer
26	Patient feedback Form	Medical Officer

- മുകളിൽ പറയുന്ന രജിസ്റ്ററുകൾ കൂടാതെ ദേശീയ ഗുണനിലവാര മാനദണ്ഡങ്ങൾ, ഐ.പി.എച്ച്.എസ് മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്ന എല്ലാ രജിസ്റ്ററുകളും സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

റിപ്പോർട്ടിംഗ്

- പുതിയതായി സ്ഥാപിക്കുന്ന നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് NIN ID സൃഷ്ടിച്ചു നൽകേണ്ടത് ദേശീയ ആരോഗ്യ ദൗത്യത്തിലെ MIS കൺസൾട്ടന്റിന്റെ ചുമതലയാണ്.
- എല്ലാ തരം റിപ്പോർട്ടുകളിലും സ്ഥാപനത്തിന്റെ NIN ID രേഖപ്പെടുത്തേണ്ടതാണ്.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിലും, നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും വിവര ശേഖരണത്തിനും റിപ്പോർട്ടുകൾ സമർപ്പിക്കാനും ഉപയോഗിച്ചു വരുന്ന എല്ലാ ദേശീയ, സംസ്ഥാന തല പോർട്ടലുകളിലും ഫോമുകളിലും നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരും ഡാറ്റാ എന്റർ ചെയ്യേണ്ടതാണ്.
- ഇഹെൽത്ത് സംവിധാനം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇഹെൽത്ത് പ്രൊജക്റ്റ് ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.
- എല്ലാ ദേശീയ, സംസ്ഥാന, ജില്ലാ, നഗരസഭാ ആരോഗ്യ പ്രോഗ്രാമുകളും ദിനാചരണങ്ങളും സംഘടിപ്പിക്കേണ്ടതും അവ ബന്ധപ്പെട്ട പോർട്ടലുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതും ജില്ലാ മെഡിക്കൽ ഓഫിസറെ (ആരോഗ്യം) അറിയിക്കേണ്ടതുമാണ്.
- എല്ലാ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും പ്രതിമാസ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി നഗരസഭാ സെക്രട്ടറി, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ എന്നിവർക്ക് എല്ലാ മാസത്തേയും അഞ്ചാമത്തെ പ്രവർത്തി ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ഇത് കൂടാതെ

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന എല്ലാ റിപ്പോർട്ടുകളും സമയബന്ധിതമായി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

- നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ റിപ്പോർട്ടുകളും ബന്ധപ്പെട്ട അർബൻ പബ്ലിക് ഹെൽത്ത് യൂണിറ്റുമായും പങ്ക് വയ്ക്കേണ്ടതാണ്.

അവലോകനം

- എല്ലാ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളേയും അതേ നഗരസഭയുടെ പരിധിയിൽ വരുന്ന നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തുകയും പ്രതിമാസ അവലോകന യോഗങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യേണ്ടതാണ്. നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത നഗരസഭകളിൽ ഏറ്റവും അടുത്ത സർക്കാർ ആരോഗ്യ സ്ഥാപനവുമായി ബന്ധപ്പെടുത്തി പ്രതിമാസ അവലോകനങ്ങൾ നടത്തേണ്ടതാണ്.
- ജില്ലാ തലത്തിൽ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ നേരിട്ടുള്ള നിരീക്ഷണ ചുമതല ജൂനിയർ കൺസൾട്ടന്റിനും (ഹെൽത്ത് & വെൽനെസ്സ് സെന്റർ), അർബൻ ഹെൽത്ത് കോ-ഓർഡിനേറ്റർക്കുമാണ്. ജില്ലയിൽ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ വേണ്ട പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക, ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, പ്രതിമാസ റിപ്പോർട്ടുകൾ അവലോകനം ചെയ്ത് ജില്ലാ മെഡിക്കൽ ഓഫീസർക്കും (ആരോഗ്യം) ജില്ലാ പ്രോഗ്രാം മാനേജർക്കും റിപ്പോർട്ട് സമർപ്പിക്കുക എന്നിവ ഇവരുടെ ചുമതലയാണ്. .

- ആരോഗ്യ കുടുംബക്ഷേമ വകുപ്പിലേയും തദ്ദേശ സ്വയംഭരണ വകുപ്പിലേയും ബന്ധപ്പെട്ട ജില്ലാ, സംസ്ഥാന തല ഉദ്യോഗസ്ഥർ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യേണ്ടതാണ്.

DRAFT

<u>അനുബന്ധം 1: നഗര ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ലഭ്യമാക്കേണ്ട ലാബ് പരിശോധനകൾ</u>

1. Hemoglobin
2. Human chorionic gonadotropin (HCG) (Urine test for pregnancy)
3. Urine test for pH, specific gravity, Leucocyte esterase glucose, bilirubin, ketone, hemoglobin, protein, nitrite
4. Blood sugar
5. Malaria test
6. HIV (Antibodies to HIV 1 & 2)
7. Dengue
8. Visual Inspection - Acetic Acid
9. Test for iodine in salt (used for food)
10. Water testing for fecal contamination and chlorination
11. HbsAg test for Hepatitis B
12. Filariasis (endemic areas only) - FST
13. Rapid Test Kit for Syphilis
14. Sputum for AFB

DRAFT